## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.576** **03.03.2020 ൽ മറുപടിയ്ക്ക്**

## പുരപ്പുറ സൗരോർജ്ജ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി. ടി. തോമസ്** | | **ശ്രീ. എം. എം. മണി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | പുരപ്പുറ സൗരോർജ്ജ പദ്ധതിക്കായി 200 മെഗാവാട്ട് ശേഷിയുള്ള നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണ്; | (എ) | പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ആദ്യഘട്ടമായി 06.09.2019-ൽ ടെണ്ടർ ചെയ്ത 200 മെഗാവാട്ടിൽ **46.5** മെഗാവാട്ടിന് ഓർഡർ നൽകിയിട്ടുണ്ട്. ശേഷിച്ച 150 മെഗാവാട്ടിൽ 90 മെഗാവാട്ട്, പത്തു കിലോവാട്ടിനു താഴെയുള്ള സൗരനിലയങ്ങളാണ്. ഇവ MNRE ആവിഷ്കരിച്ചിട്ടുള്ള സബ്സിഡി പദ്ധതി മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. 60 മെഗാവാട്ടിന്റെ റീടെണ്ടറിംഗ് പുരോഗമിച്ചു വരുന്നു. |
| (ബി) | ഏതൊക്കെ കമ്പനികളാണ് കരാർ നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) | 1. ടാറ്റാ പവർ സോളാർ സിസ്റ്റം ലിമിറ്റഡ്, മുംബൈ<br>2. ഇങ്കൽ ലിമിറ്റഡ്, കൊച്ചി<br>3. വാരി എഞ്ചിനീയറിംഗ് ലിമിറ്റഡ്,മുംബൈ എന്നീ കമ്പനികളാണ് കരാർ നൽകിയിട്ടുള്ളത്.<br>2020 ജനുവരി 22-ന് ടാറ്റാ പവർ സോളാർ സിസ്റ്റം ലിമിറ്റഡ്, മുംബൈ കരാറിൽ ഒപ്പുവെച്ചു. ഇങ്കൽ, കൊച്ചി, വാരി എഞ്ചിനീയറിംഗ്, മുംബൈ എന്നീ കമ്പനികൾ ഉടനെ ഒപ്പുവയ്ക്കുന്നതാണ്. |
| (സി) | പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ അപേക്ഷ നൽകിയ അപേക്ഷകരിൽ നിന്നും എത്ര പേരെ ഇതിനകം തെരഞ്ഞെടുത്തു; ഇതിനുള്ള മാനദണ്ഡം എന്താണ്; | (സി) | ആദ്യഘട്ടത്തിൽ 42,489 പേരെ തെരഞ്ഞെടു-ത്തിട്ടുണ്ട്.<br>മേൽക്കൂരയുടെ വിസ്തൃതി, മേൽക്കൂരയുടെ സ്വഭാവം, തടസ്സമില്ലാത്ത സൂര്യപ്രകാശ ലഭ്യത, ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഗ്രിഡിലേയ്ക്ക് കടത്തിവിടാനുള്ള സൗകര്യം തുടങ്ങിയവയാണ് ഇതിനുള്ള മാനദണ്ഡം. |
| (ഡി) | ഈ പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഡി) | കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല |
| (ഇ) | പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേക്കെന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് അതിലൂടെ ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കുമോ? | (ഇ) | രണ്ടാം ഘട്ടത്തിൽ 300 മെഗാവാട്ട് ഉത്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നു.<br>ഒന്നാം ഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന മുറയ്ക്ക് രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**